**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7403** **17.7.2012-ൽ മറുപടിക്ക്**

**ഉറവിട മാലിന്യസംസ്കരണ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| മാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിനുള്ള എന്ത് പദ്ധതിയാണ് നടപ്പിലാക്കുന്നത് ; വിശദമാക്കാമോ? | സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഉറവിടത്തിൽ തന്നെ ഖരമാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിലേക്ക് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് വേണ്ട സാങ്കേതിക സഹായവും ഭാഗിക സാമ്പത്തിക സഹായവും നൽകി വരുന്നു. മാലിന്യങ്ങൾ ഉൽഭവ സ്ഥാനത്തുതന്നെ, വിശേഷിച്ച് ജൈവ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് ഊന്നൽ നൽകിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കി വരുന്നത്. ഇതിന്റെ ഭാഗമായി വീടുകളിലും ഖരമാലിന്യ സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കാനുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് (കമ്പോസ്റ്റ് യൂണിറ്റുകൾക്ക് 90% ബയോഗ്യാസ് പ്ലാന്റുകൾക്ക് 75%) വരെ സബ്സിഡി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ശുചിത്വ മിഷനും സംയുക്തമായി നൽകിവരുന്നു. സ്ഥാപനങ്ങളിൽ സംസ്ക്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് 75% സാമ്പത്തിക സഹായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്നു. കൂടാതെ സ്വകാര്യ ആശുപത്രി, ഹോട്ടൽ, കല്ല്യാണ മണ്ഡപങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽ ഖരമാലിന്യ സംസ്ക്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന് പദ്ധതി തുകയുടെ 50% മോ പരമാവധി 1 ലക്ഷം രൂപയോ സബ്സിഡിയായി നൽകാനും സർക്കാർ ഉത്തരവ് നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ